# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 6 : ജൂൺ 2016** വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്ട്

മലയാളം മാസ പത്രിക ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

### *ധർമ്മ വാണി*

| | |
|---|---|
| *മൈ ഭീ ദുഖിയാ നാ ബനൂം,* | ഞാൻ ദുഖിക്കരുത്, |
| *ജഗത് ദുഖീ നാ ഹോയ്.* | ലോകം ദുഖികരുത്. |
| *സുഖ സെ ജീനേ കീ കലാ,* | സുഖമായി ജീവിക്കുന്നതിൻറെ കല, |
| *സത്യ ധർമ്മ ഹൈ സോയ്.* | സത്യ ധർമ്മം ഇതുതന്നെയാണല്ലൊ. |

— **എസ. എൻ. ഗോയങ്ക**

# കിസ്തുമതത്തിൽ വിപശ്യന.

(കിസ്തുമസ്സിൻറെ അവസരത്തിൽ)

**എസ. എൻ. ഗോയങ്ക**

ലോകത്തിലെ ഒരു മഹാനായ പുണ്യവാളൻറെ പാവനമായ സ്മൃതിയിൽ കിസ്തുമസ് ആഘോഷിക്കുന്നു. ലോകത്തിലെ പമുഖ ധർമ്മ പരമ്പരകളിൽ ഒന്നാണ് കിസ്തുമതം.

ഞാൻ കാണുന്നു – ലോകത്തിലെ ചെറുതും വലുതുമായ ധർമ്മ പാരമ്പര്യത്തിനുള്ളിൽ ധർമ്മത്തിൻറെ സാരം അടങ്ങിയിട്ടുണ്ട്. പക്ഷെ പുറമെ-പുറമെയുള്ള കർമ്മാനുഷ്ഠാനങ്ങൾ, ദാർശനിക മാന്യതകൾ, അന്ധവിശ്വാസത്തിൻറെ പുറംതൊലികൾ ചേർന്നിരിക്കുന്നു. എന്നാൽ അതിന് അധികം മഹത്വം കൊടുത്തുകൊണ്ട് ധർമ്മത്തിൻറെ സാര-തത്ത്വം അപധാനമാവുകയും കാണുന്നു.

ഈ പുറം തൊലികൾ ഭിന്ന-ഭിന്നമാണ്. പക്ഷെ അകത്തെ സാരം, തത്ത്വം എല്ലാ മതങ്ങളിലും ഒരേപോലെയാണ്. ഈ വ്യത്യസ്തമായ പുറംതൊലികളുടെ ആധാരത്തിൽ വ്യത്യസ്തമായ സംപദ്രായങ്ങളുണ്ടായി, അവ നിലനിൽക്കുന്നു. ആയതിനാൽ പറയുന്നു-

**ഗായോം കേ രംഗ് ഭിന്ന ഹൈ, ദൂധ ഭിന്ന ന ഹോയ,**
**സംപദ്രായ തൊ ജുദാ-ജുദാ, ധർമ്മ ജുദാ ന ഹോയ.**

അതായത്, പശുക്കളുടെ നിറങ്ങൾ വ്യത്യസ്തമാകാം, പാലിൻറെ നിറം ഒന്നെ ആകൂ. സംപദ്രായങ്ങൾ വ്യത്യസ്തമാകാം, ധർമ്മം ഒന്നെ ആകൂ.

ഇതും പറഞ്ഞിരുന്നു-

**സാർത്തത്വ തോഏക് ഹൈ, ഛിൽകെ ഹുവെ അനേക്.**
**മത് ഛിൽകോം മേം ഉലഝ് രെ, സാർ തത്ത്വ കൊ ദേഖ.**

സാരം, തത്ത്വം ഒന്നു തന്നെ, പുറംതൊലികൾ അനേകം. പുറംതൊലികളിൽ കുടുങ്ങല്ലെ, സാര-തത്ത്വം നോക്കൂ.

പുറത്തു കാണപ്പെടുന്ന പാത്രങ്ങളുടെ വ്യത്യസ്തത എന്തു നോക്കാൻ? അതെങ്ങിനെയൊ അങ്ങിനെ ഇരിക്കട്ടെ. അതിനെ നിന്ദിക്കുകയൊ, സ്തുതി ചെയ്യുകയൊ വേണ്ട. വ്യത്യസ്തമായ (സംപദ്രായം) മതങ്ങളിലെ ജനങ്ങൾ അവരവരുടെ കർമ്മാനുഷ്ഠാനങ്ങളൊ, ദാർശനിക മാന്യതകളൊ അനുഷ്ഠിച്ച് സന്തോഷിക്കട്ടെ. ഇതിനെ കാര്യമാക്കി തമ്മിലടിയും കുത്തും വേണ്ട. എന്നാൽ ഇത് സംഭാവ്യമാകുന്നത് – അകത്തെ സാരത്തിൻറെ ഏകത്വം സ്വീകരിച്ച്, അതിന് പരിപൂർണ്ണ മഹത്ത്വം കൊടുക്കുമ്പോഴാണ്.

ഏശു ക്രിസ്തുവിൻറെ ശിക്ഷണത്തിൽ ശുദ്ധ ധർമ്മത്തിൻറെ സാരത്തിൻറെ മാഹാത്മ്യം കുത്തി നിറഞ്ഞിരിക്കുന്നു. അതിൽ നിർമ്മലമായ ആദ്ധ്യാത്മ ത്തിൻറെ ജ്യോതിസ്‌തിളങ്ങുന്നു.

ധർമ്മത്തിൻറെ മൂലമായ ആധാരം ശീല-സദാചാരമാണ്. എന്നാൽ നമ്മൾ കാണുന്നു – ക്രിസ്തുവിൻറെ (ten commandments) ടെൻ കമാന്ഡമെൻറ്സിൽ, ബുദ്ധൻറെ, മഹാവീരൻറെ, പതഞ്ജലിയുടെ ശീല സദാചാരത്തിൻറെ പ്രശിക്ഷണ മാണ് പ്രകാശപ്പെടുന്നത്. എന്നാൽ ഇതിൽ കൊല, മോഷണം, വ്യഭിചാരം, കളവു പറയൽ എന്നിവയിൽ നിന്ന് അകന്നിരിക്കാനുള്ള ശിഷണവും അടങ്ങിയിട്ടുണ്ട്.

എന്നിട്ട് ശരീരവും വാണിയുടേയും ദുഷ്കർമ്മത്തിൽ നിന്നു മാത്രമല്ല രക്ഷപ്പെടാൻ പഠിപ്പിച്ചത്. മനസ്സിൻറെ ദുഷ്കർമ്മത്തിൽ നിന്ന് അകന്നിരിക്കാനുള്ള വളരെ പ്രധാനപ്പെട്ട ഉപദേശവും തന്നു. ബുദ്ധൻ പറഞ്ഞതുപോലെ – മനസ്സിൻറെ കർമ്മം പ്രമുഖമാണ്, പ്രധാനമാണ്, മനസ്സിൻറെ നല്ലതും-ചീത്തയുമായ കർമ്മം തന്നെയാണ് സുഖ-ദുഖത്തിൻറെ ഫലം തരുന്നത്. അവർ മനോ ചേതനയെയാണ് ഫലദായകനായ കർമ്മമായി സൂചിപ്പിച്ചത്. ഋഷിമാരിൽ ശിരോമണിയായ ഏശു ക്രിസ്തുവും പറഞ്ഞു തന്നു – നിങ്ങൾ ശരീരം കൊണ്ട് ദുഷ്കർമ്മം ചെയ്താൾ നിങ്ങൾക്ക് അതിൻറെ ദുഷ്ഫലം അനുഭവിക്കേണ്ടി വരും, എന്നാൽ നിങ്ങൾ മനസ്സിലായാലും, ക്രോധം ജനിപ്പിച്ചാൽ അതേ ശിക്ഷ അനുഭവിക്കേണ്ടി വരും. വ്യഭിചരിച്ചാൽ ശിക്ഷ ലഭിക്കുകതന്നെ ചെയ്യും, എന്നാൽ മനസ്സിൽ പോലും പര-സ്ത്രീയുടെ നേരെ കാമ-വാസന ജനിപ്പിച്ചാൽ മനസ്സിൻറെ തലത്തിൽ വ്യഭിചരി ക്കുകതന്നെ ചെയ്തു. ആയതിനാൽ അത്ര തന്നെ ശിഷിക്കപ്പെടും.

ശുദ്ധ ധർമ്മത്തിൻറെ പ്രശിക്ഷണത്തിൽ ആത്മ-ദർശനത്തിനും, സ്വ-ദർശനത്തിനും പ്രാധാന്യം കൊടുത്തിരുന്നു. എന്നാൽ മനുഷ്യൻ മറ്റുള്ളവരുടെ ദുർഗ്ഗുണങ്ങളെ നിന്ദിക്കുന്നതിനു പകരം തൻറെ ദുർഗ്ഗുണങ്ങളെ അറിയുകയും, അവയെ ദൂരീകരി ക്കുകയും ചെയ്യുന്നതിന് പ്രയത്നിക്കും. ക്രിസ്തുവും ഇതു തന്നെ പഠിപ്പിച്ചത് – മറ്റുള്ളവരെ അവരുടെ ദുർഗ്ഗുണങ്ങളെ ദൂരീകരിക്കാൻ ഉപദേശിക്കുന്നതിനു മുമ്പ് തൻറെ ദുർഗ്ഗുണങ്ങളെ നോക്കി അവയെ ദൂരീകരിക്കുക. അതുകൊണ്ടാണ് –“Know Thyself” – തന്നെ തന്നെ മനസ്സിലാക്കാനുള്ള സദുപദേശം നൽകിയത്.

ഇതെ പോലെ അവരുടെ ഉപദേശത്തിൽ കർമ്മവാദത്തിൻറെ നൈസർഗ്ഗിക സിദ്ധാന്തത്തിൻറെ സ്പഷ്ടമായ പ്രശിക്ഷണമുണ്ട് – വിത്തു വിതച്ചത്തിനനുസരിച്ച് ഫലം ലഭിക്കും (As you sow, so shall you reap). ഇതും വളരെ സ്പഷ്ടമായ ശബ്ദങ്ങളിൽ വിവരിച്ചു – കേവലം വല്ലവരുടേയും സ്തുതിയിൽ ഗാനം പാടിയാൽ മാത്രം സ്വർഗ്ഗ-സുഖത്തിൻറെ പ്രാപ്തി യുണ്ടാകില്ല, പ്രാപ്തി തൻറെ സത്കർമ്മങ്ങൾ കൊണ്ടുമാത്രമെ ഉണ്ടാകൂ. സത്കർമ്മങ്ങൾ ചെയ്യണ മെന്ന ഉപദേശം കേട്ടുമാത്രം ഇരുന്നു പോയാൽ, പാലനം ചെയ്യാതിരുന്നാൽ ആ മനുഷ്യൻ മൂഢൻ തന്നെ.

ബുദ്ധൻ, ഞാൻ-എൻറെ എന്ന ദൂഷണത്തെ ദൂരീകരിക്കാൻ അനാത്മവാദം ഉപദേശിച്ചുകൊണ്ട് പറഞ്ഞു – നിൻറെ സ്വാമിത്വം നിൻറെ ശരീരത്തിൻ മേൽ പോലുമില്ല. ഏശു ക്രിസ്തുവും ഇതേ പ്രകാരം അഹങ്കാരം തകർത്താൻ വേണ്ടി പറഞ്ഞു – നിങ്ങൾക്ക് നിങ്ങളുടെ ഒരു മുടി പോലും കറുപ്പിക്കാനൊ, വെളുപ്പിക്കാനൊ ആവില്ല.

ദാനവും, ത്യാഗവും – രണ്ടിനും മഹത്ത്വം കൊടുത്തുകൊണ്ട് പറഞ്ഞു –

നിങ്ങളുടെ അടുത്ത് ഉണ്ടെങ്കിൽ ചോദിക്കുന്ന വരോട് ഒരിക്കലും ഇല്ലെന്ന് പറയരുത്. എത്ര ചോദിച്ചുവൊ അതിൽ ഏറെ തന്നെ കൊടുക്കുക.

സത്യത്തിനു പ്രാധാന്യം നൽകിക്കൊണ്ട് പറഞ്ഞു –

സത്യം അറിയൂ, സത്യം മാത്രമെ നിങ്ങളെ മുക്തമാക്കൂ.

ക്ഷമ, അഹിംസ, കരുണയുടെ മാഹാത്മ്യം പ്രകാശിപ്പിച്ചുകൊണ്ട് അവർ പറഞ്ഞു –

ജനങ്ങൾ പറയാറുണ്ട് – പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണുകൾ പൊട്ടിക്കണമെന്ന്. പക്ഷെ ഞാൻ പറയുന്നു – ആരെങ്കിലും നിങ്ങളെ വലതു കവിളിൽ അടിച്ചാൽ അവരുടെ നേരെ ഇടതു കവിൾ കാണിക്കുക. ക്രിസ്തു എന്തു പറഞ്ഞുവൊ, സ്വയം പാലനം ചെയ്യുകയുമായിരുന്നു. അവരുടെ ഉപദേശങ്ങൾ കേവലം ഉപദേശങ്ങൾ മാത്രമായിരുന്നില്ല. അവർ അതിനെ ആചരണത്തിൽ പകർന്ന് മനുഷ്യർക്ക് പ്രേരണാ-സ്രോതസ്സായി. എന്നിട്ടാണ് ശരിയായ അർത്ഥത്തിൽ ഋഷിമാരിൽ മഹാൻ, ശിരോമണി ആയത്.

കഷ്ടകാലത്താണ് ഋഷിമാരുടെ ശരിയായ പരീക്ഷ നടപ്പിലാകുന്നത്. മറ്റുള്ളവരെ പ്രേമവും കാരുണ്യവും പഠിപ്പിക്കുമ്പോഴും സ്വയം പ്രേമവും കാരുണ്യത്തിൻറെയും സജീവമായ മൂർത്തിയായ പ്രേരണാ-പത്രീകമായിരുന്നു അവർ!

ജീവിതത്തിൻറെ അവസാന നിമിഷം ക്രിസ്തുവിൻറെ പരീക്ഷയുടെ നിമിഷമായിരുന്നു. ശത്രുക്കൾ അവരുടെ കൈപത്തിയിൽ ആണികൾ തറച്ചു, പാദങ്ങളിൾ ആണികൾ തറച്ചു. തലക്കൽ ആണി തറച്ചു. ക്രോസിൽ ശരീരത്തെ മാട്ടി – അതായത് പിടഞ്ഞു-പിടഞ്ഞു പ്രാണൻ ഒടുങ്ങട്ടെ. ഈ അസഹ്യമായ പീഡനം സഹിച്ചുകൊണ്ട് മരണ സമീപം എത്തുമ്പോഴും ദ്രോഹമൊ, ദുർഭാവനയൊ ലവലേശം ജനിച്ചില്ല. മനസ്സ് പ്രേമവും കാരുണ്യവും കൊണ്ട് നിറഞ്ഞു തുളുമ്പിയിരുന്നു. പ്രേമവും, കാരുണ്യവും ആരോട്? തൻറെ ശിഷ്യന്മാരോടല്ല. തൻറെ ശത്രുക്കളൊട്! എന്നിട്ട് വായിൽ നിന്ന് ഈ ശബ്ദങ്ങളാണ് ഒടുക്കം വന്നത്–

ഓ! ഇവർക്ക് ബോധമില്ലാതെ പോയല്ലൊ, ഇവർ എന്തു ചെയ്യുന്നു എന്ന ബോധമില്ല ഇവർക്ക്. ഇവർക്ക് ഇവർ ചെയ്തതിൻറെ ശിക്ഷ അനുഭവിക്കേണ്ടി വരല്ലെ, ഇവർക്ക് ഇവർ ചെയ്തതിൻറെ ശിക്ഷ അനുഭവിക്കേണ്ടി വരല്ലെ!

ധന്യമാണ് പ്രേമം, കാരുണ്യം, സഹിഷ്ണുത യുടെ അവതാരമായ ഏശു ക്രിസ്തു! ഞങ്ങളും അവരിൽ നിന്ന് പ്രേരണ എടുത്ത് ആ സദ്ഗുണങ്ങളെ തൻറെ ജീവിതത്തിൽ ധാരണം ചെയ്യാം. ക്രിസ്തുമസ് ആഘോഷിക്കുന്നതപ്പോഴെ സാർത്ഥകമാകൂ. (ടെലിവിഷൻ സീരിയൽ ഊർജ്ജ-30)